(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാവേലിക്കര നഗരസഭയിൽ 511 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ നടത്തിപ്പ് മേഖലാ ജോയിന്റ് ഡയറക്ടർമാർ മുഖേന എല്ലാ മാസവും വിലയിരുത്തുന്നുണ്ട്. സംസ്ഥാനതലത്തിലും വിലയിരുത്താറുണ്ട്.

(ഇ) പദ്ധതി പ്രകാരം 2012-13-ൽ 3285 തൊഴിൽ ദിനങ്ങളും 2013-14 വർഷത്തിൽ 4020 തൊഴിൽ ദിനങ്ങളും 2014-15 വർഷത്തിൽ 1667 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനം

112 (4147) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഓരോ കോർപ്പറേഷനിലും എത്ര സ്ഥിരം-താൽക്കാലിക ജീവനക്കാർ ഉണ്ടെന്ന് അറിയിക്കുമോ ;

(സി) കോർപ്പറേഷൻ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എത്ര കോർപ്പറേഷനുകളിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ സെക്രട്ടറിമാരായി ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ ;

(ഇ) എല്ലാ കോർപ്പറേഷനുകളിലും ഐ.എ.എസ്. ഉദ്യോഗസ്ഥരെ സെക്രട്ടറിമാരായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനം നഗരകാര്യ വകുപ്പിലെ മേഖലാ ജോയിന്റ് ഡയറക്ടറുടെ പ്രതിമാസ അവലോകന മീറ്റിംഗുകളിലും സംസ്ഥാന തലത്തിൽ നടക്കുന്ന യോഗങ്ങളിലും വിലയിരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

കോർപ്പറേഷൻ	സ്ഥിരം ജീവനക്കാർ	താൽക്കാലിക ജീവനക്കാർ
കൊച്ചി	562	631
കോഴിക്കോട്	463	8
തൃശ്ശൂർ	294	42
കൊല്ലം	287	18
തിരുവനന്തപുരം	677	409

(സി) കോർപ്പറേഷൻ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല.

(ഡി) നിലവിൽ കോർപ്പറേഷനുകളിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ സെക്രട്ടറിമാരായി ജോലി ചെയ്യുന്നില്ല.

(ഇ) എല്ലാ കോർപ്പറേഷനുകളിലും ഐ.എ.എസ്. ഉദ്യോഗസ്ഥരെ സെക്രട്ടറിമാരായി നിയമിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

നഗരസഭകൾക്ക് വൈ-ഫൈ സംവിധാനം

113 (4148) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത നഗരസഭകൾക്ക് വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് നഗരസഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) വിനോദസഞ്ചാര കേന്ദ്രമായ കൽപ്പറ്റ മുനിസിപ്പാലിറ്റിയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നഗരസഭകളിൽ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ തലത്തിൽ പ്രത്യേകിച്ച് പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ,

LIBRARY ARCHIVES Kerala Legislative Assembly